02 ഏപ്രിൽ 2017ഞായർ
കോട്ടയം
കേരളകൗമുദി

# ഓർക്കാം ഓർമ്മകൾ താളംതെറ്റിയ കുരുന്നുകളെ

## ഇന്ന് ലോക ഓട്ടിസം അവബോധ ദിനം

• അർച്ചനഷാജി

കോട്ടയം: നിറങ്ങളും സ്വപ്നങ്ങളും നിശബ്ദമായ ലോകത്തെ കുരുന്നുകളെ ഓർമ്മിപ്പിച്ച് ഇന്ന് ലോക ഓട്ടിസം അവബോധദിനം. ഓരോ വർഷവും ഓട്ടിസം ബാധിക്കുന്ന കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

രാജ്യത്ത് രണ്ട് വയസ്സിനും ഒൻപത് വയസ്സിനുമിടയിൽ ഒരു കോടി കുട്ടികൾ ഈ അവസ്ഥയുടെ ഇരകളാണ്.

ഭക്ഷണരീതി, മാനസികസമ്മർദ്ധം, കാലാവസ്ഥ തുടങ്ങിയ കാരണങ്ങളാൽ ഉണ്ടാകുന്ന ജനിതകമാറ്റമാണ് ഓട്ടിസം പിടിപെടാനുള്ള പ്രധാന കാരണം.



എം.എൽ റോഡിലുള്ള ജ്യൂവൽ ഓട്ടിസം സെന്ററിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു

"ഓട്ടിസം ബാധിച്ച കുട്ടികളെ മാനസികരോഗികളായി കാണരുത്. മൂന്ന് വയസിന് മുൻപ് ചികിത്സ തുടങ്ങിയാൽ പൂർണമായും രോഗം ഭേദമാക്കിയെടുക്കാം."

ജെയിംസൻ സാമുവൽ( ചൈൽഡ് സൈക്കോളജിസ്റ്റ്)

### ജില്ലയിൽ ഒരേ ഒരു സെന്റർ.....

കോട്ടയം എം.എൽ.റോഡിലുള്ള ജ്യുവൽ ഓട്ടിസം സ്പെഷ്യൽ സെന്റർമാത്രമാണ് ജില്ലയിൽ ആകെയുള്ളത്. ഡോ.ജെയിംസൻ സാമുവലും ഭാര്യ ജെൻസിയുമാണ് സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. 2008 ൽ പ്രവർത്തനമാരംഭിച്ച ഇവിടെ ഇരുന്നൂറോളം കുട്ടികൾ ഇന്ന് ചികിത്സ തേടുന്നു.

സർക്കാർ തലത്തിൽ ജില്ലാ ആശുപത്രിയിൽ നിലവിലൊരു ഓട്ടിസം ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ടെങ്കിലും സമഗ്രമായ പരിശോധന സൗകര്യങ്ങളില്ല.